"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. ഉദയൻ. കെ.യു, ശ്രീ. ഉത്തമൻ. ജി എന്നിവരുടെ എക്സി. എഞ്ചിനിയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.378/2022/LSGD    തീയതി,തിരുവനന്തപുരം, 21-02-2022

---

പരാമർശം:-

1. സ.ഉ (സാധാ) നം.754/2020/തസ്വഭവ തീയതി 13.04.2020.
2. സ.ഉ (സാധാ) നം.1550/2019/തസ്വഭവ തീയതി 23.07.2019.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 30.06.2021 ലെ ഇ1/12872/2018/സിഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശിത സർക്കാർ ഉത്തരവുകൾ പ്രകാരം എക്സി.എഞ്ചിനിയറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. ഉദയൻ. കെ.യു, ശ്രീ. ഉത്തമൻ. ജി എന്നിവർ യഥാക്രമം 14.04.2020 പൂർവ്വാഹ്നത്തിലും 30.07.2019 പൂർവ്വാഹ്നത്തിലും ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. ടിയാളുകളുടെ എക്സി.എഞ്ചിനിയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ പരാമർശം (3) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പ്രസ്തുത ഉദ്യോഗസ്ഥർ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. ടിയാളുകളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് അവരുടെ മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. ഉദയൻ. കെ.യു, ശ്രീ. ഉത്തമൻ. ജി എന്നീ എക്സി.എഞ്ചിനിയർമാരുടെ എക്സി.എഞ്ചിനിയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം യഥാക്രമം 14.10.2020 പൂർവ്വാഹ്നത്തിലും 30.01.2020 പൂർവ്വാഹ്നത്തിലും തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തസ്വഭവ ചീഫ് എഞ്ചിനിയർ മുഖേന)
2. ചീഫ് എഞ്ചിനിയർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 21-02-2022 16:29:38

സെക്ഷൻ ഓഫീസർ